# ആർട്ടിഫിഷൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് കോൺഫറൻസ്

**കൊച്ചി:** തൃക്കാക്കര ഭാരതമാതാ കോളജിലെ കംപ്യൂട്ടർ സയൻസ് ആർട്ടിഫിഷൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് വിഭാഗം സംഘടിപ്പിക്കുന്ന ത്രിദിന അന്തർദേശീയ കോൺഫറൻസ് 27, 28, 29 തീയതികളിൽ നടക്കും. 'ആർട്ടിഫിഷൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്' എന്ന വിഷയത്തിൽ നടക്കുന്ന കോൺഫറൻസിന്റെ ഉദ്ഘാടനം കൊച്ചി ഇൻഫോപാർക്ക് മുൻ സിഇഒയും കൊച്ചി സ്മാർട്ട് സിറ്റി മുൻ സിഇഒയുമായ ജിജോ ജോസഫ് നിർവഹിക്കും. രാജ്യത്തുനിന്നും വിദേശരാജ്യങ്ങളിൽനിന്നുമുള്ള വിദഗ്ധരുടെ പ്രഭാഷണങ്ങളും നൂറിൽപ്പരം ഗവേഷണ പ്രബന്ധങ്ങളുടെ അവതരണവും ഉണ്ടായിരിക്കും.

ആർട്ടിഫിഷൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിഷയങ്ങളിൽ പങ്കെടുക്കാനും ഗവേഷണ പ്രബന്ധം അവതരിപ്പിക്കാനും വ്യാവസായിക വാണിജ്യ രംഗങ്ങളിലുള്ളവർക്കും വിദ്യാർഥികൾക്കും സമ്മേളനം അവസരം നൽകുന്നു. ഫോൺ: 9447116484,